(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ മറികടന്ന് പാലക്കാട് ജില്ലയിൽ പ്രവർത്തികൾ തെരഞ്ഞെടുത്ത വിവരം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ;

(സി) പി.എം.ജി.എസ്.വൈ പ്രകാരം കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് ഈയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ചത്; 2004-05 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ്. ഈ ഇനത്തിൽ പ്രതീക്ഷിക്കുന്നത്;

(ഡി) പാലക്കാട് ജില്ലയിൽ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ. പ്രകാരം ഏതെല്ലാം ബ്ലോക്കുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; ഓരോ വർഷവും എത്ര ലക്ഷം രൂപയാണ് ഈയിനത്തിൽ ചിലവഴിച്ചിട്ടുള്ളത്?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ ഗ്രാമ സടക് യോജന പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ ഒറ്റപ്പെട്ട സങ്കേതങ്ങൾ സ്ഥിതിചെയ്യുന്ന ബ്ലോക്കുകളെയാണ് പദ്ധതിയിലേയ്ക്ക് പരിഗണിയ്ക്കുന്നത്. ഇതിനായി ജില്ലാ തലത്തിൽ ബഹു. എം.പി.-മാർ, എം.എൽ.എ.-മാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ എന്നിവർ പങ്കെടുക്കുന്ന യോഗത്തിലാണ് തെരഞ്ഞെടുപ്പു നടത്തുന്നത്. ഇത്തരത്തിൽ ബ്ലോക്കുകളെ തെരഞ്ഞെടുക്കുന്നതോടൊപ്പം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിയ്ക്കുന്ന റോഡുകളുടെ മുൻഗണന പട്ടിക പരിശോധിച്ചു അംഗീകരിക്കുന്നതും ജില്ലാതലത്തിൽ നടക്കുന്ന യോഗത്തിൽ വെച്ചാണ്.

(ബി) മാനദണ്ഡങ്ങൾ മറികടന്ന് പാലക്കാട് ജില്ലയിൽ പ്രവർത്തികൾ തെരഞ്ഞെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷം 39.08 കോടി രൂപ ലഭിച്ചിട്ടുണ്ട്. കേരളത്തിന് നിശ്ചയിച്ചിട്ടുള്ള വാർഷിക വിഹിതമായ 20 കോടി രൂപയാണ് 2004-2005 സാമ്പത്തിക വർഷം പ്രതീക്ഷിയ്ക്കുന്നത്.

(ഡി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ പാലക്കാട് ജില്ലയിൽ പി.എം.ജി.എസ്.വൈ-യ്ക്ക് ബ്ലോക്കുകളൊന്നും തെരഞ്ഞെടുത്തിട്ടില്ല. 2000-2001-ൽ തെരഞ്ഞെടുത്ത ശ്രീകൃഷ്ണപുരം ബ്ലോക്കിൽ 2003 ഡിസംബർ 31 വരെ 454.73 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പേരാമ്പ്ര ബ്ലോക്കിൽ നീർത്തട വികസന പദ്ധതി

195 [1671] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും അവയുടെ പേരും വിവരവും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ബ്ലോക്കിനും അനുവദിച്ച തുകകൾ എത്രയാണെന്ന് വിശദമാക്കാമോ;

(സി) പേരമ്പ്ര ബ്ലോക്കിൽ ഏതെങ്കിലും പഞ്ചായത്ത് നീർത്തട വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടോ;

(ഡി) പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര തരിശുഭൂമി വികസന പദ്ധതിയിൽപ്പെടുത്തി നീർത്തട വികസന പദ്ധതികൾ കണ്ണൂർ, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിൽ ഓരോ പദ്ധതികൾ വീതം ഗ്രാമവികസന വകുപ്പ് ഇപ്പോൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിനായി തുക അനുവദിക്കുന്നത് ബ്ലോക്ക് തിരിച്ചല്ല, പ്രോജക്ട് അടിസ്ഥാനത്തിലാണ്. പദ്ധതിയുടെ പേര്, വിസ്തീർണ്ണം, ഉൾപ്പെടുന്ന ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പേര്, അടങ്കൽ തുക, ഇതുവരെ അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി ആന്റ് ഡി) ഗ്രാമവികസന വകുപ്പിന്റെ നീർത്തട വികസന പദ്ധതികളൊന്നും പേരാമ്പ്ര ബ്ലോക്കിൽ നടപ്പിലാക്കുന്നില്ല.

മഞ്ചേരി മണ്ഡലത്തിലെ ഗ്രാമീണ റോഡ്

196 [1672] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി നിയോജകമണ്ഡലത്തിൽ വെറ്റിലപ്പാറ മുതൽ ചാലിയാർ പഞ്ചായത്തുവരെയുള്ള ഗ്രാമീണ റോഡ് എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മഞ്ചേരി നിയോജകമണ്ഡലത്തിൽ വെറ്റിലപ്പാറ മുതൽ ചാലിയാർ പഞ്ചായത്ത് വരെയുള്ള ഗ്രാമീണ റോഡ് പ്രവൃത്തി ഗ്രാമവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം VI

[5-2-2004-ലെ 195 (1671)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

| പദ്ധതിയുടെ പേര് | വിസ്തീർണ്ണം (ഹെക്ടർ) | നീർത്തടം സ്ഥിതി ചെയ്യുന്ന പഞ്ചായത്തുകൾ | ബ്ലോക്ക് | ആകെ അടങ്കൽ തുക | ഇതുവരെ അനുവദിച്ച തുക |
|---|---|---|---|---|---|
| സംയോജിത തരിശുഭൂമി വികസന പരിപാടി കാസർഗോഡ് | 12065 | 1. കിനാനൂർ കരിന്തളം<br>2. നീലേശ്വരം<br>3. ബേലൂർ<br>4. മടിക്കൈ<br>5. കോടംബേലൂർ<br>6. ബേഡഡുക്ക<br>7. ചെമ്മനാട്<br>8. പനത്തടി<br>9. പൈവളിഗെ<br>10. പുത്തിഗെ<br>11. മീഞ്ച | നീലേശ്വരം<br>കാസർഗോഡ്<br>മഞ്ചേശ്വരം | 723.90 ലക്ഷം രൂപ | 214.27 ലക്ഷം രൂപ |
| സംയോജിത തരിശുഭൂമി വികസന പരിപാടി ഇടുക്കി | 10080 | 1. വാഴത്തോപ്പ്<br>2. മരിയാപുരം<br>3. കഞ്ഞിക്കുഴി<br>4. വട്ടവട<br>5. അയ്യപ്പൻകോവിൽ<br>6. വണ്ടൻമേട് | ഇടുക്കി<br>ദേവികുളം<br>കട്ടപ്പന | 403.20 ലക്ഷം രൂപ | 355.94 ലക്ഷം രൂപ |
| സംയോജിത തരിശുഭൂമി വികസന പരിപാടി കണ്ണൂർ | 7406 | 1. പെരിങ്ങോം<br>2. ആലക്കോട്<br>3. കുറുമത്തൂർ<br>4. പരിയാരം<br>5. മലപ്പട്ടം<br>6. എരുവശ്ശേരി<br>7. ശ്രീകണ്ഠാപുരം<br>8. പായം<br>9. തില്ലങ്കേരി<br>10. വേങ്ങാട്<br>11. കുന്നോത്തുപറമ്പ്<br>12. കരിയാട്<br>13. അഞ്ചരക്കണ്ടി | പയ്യന്നൂർ<br>തളിപ്പറമ്പ്<br>ഇരിക്കൂർ<br>ഇരിട്ടി<br>കൂത്തുപറമ്പ്<br>തലശ്ശേരി<br>എടക്കാട് | 444.36 ലക്ഷം രൂപ | 127.75 ലക്ഷം രൂപ |

LIBRARY ARCHIVES Kerala Legislative Assembly